## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1722

25.03.2013 ലെ മറുപടിയ്ക്ക്

## ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സാജു പോൾ :** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ നിലവിലുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത കൗൺസിലിന്റെ ഘടന, പ്രവർത്തനം, അംഗങ്ങൾ, അവരുടെ കാലാവധി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) കേരള മുഖ്യമന്ത്രി പ്രസിഡന്റായി 2002-ൽ രൂപീകരിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ. കൗൺസിലിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും വിലയിരുത്തുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനായുള്ള ഒരു ഉന്നതാധികാര സമിതിയും (State Council) കൗൺസിലിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ചെയർമാനായുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ട്. പ്രസ്തുത കമ്മിറ്റികളുടെ കാലാവധി മൂന്നു വർഷമാണ്. ഇപ്പോഴത്തെ കമ്മിറ്റിയുടെ കാലാവധി 12.06.2014 -ൽ അവസാനിക്കുന്നതാണ്. അംഗങ്ങളുടെ പേര് വിവരങ്ങൾ **അനുബന്ധം-1** ആയി ചേർക്കുന്നു. |

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ വിവിധ ഗവേഷണ പദ്ധതികൾക്കായി താഴെ പറയുന്ന ഏഴ് ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

1. കേരള വന ഗവേഷണ കേന്ദ്രം.
2. ഭൗമ ശാസ്ത്ര പഠന കേന്ദ്രം.
3. ജവഹർലാൽ നെഹ്റു ട്രോപിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്.
4. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്.
5. നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്.

6. ജലവിഭവ വികസന കേന്ദ്രം.

7. ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്, ആർ.ഐ.റ്റി കാമ്പസ്, കോട്ടയം.

| | |
|---|---|
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത കൗൺസിൽ ഏറ്റെടുത്തതും നടപ്പിലാക്കിയിട്ടുള്ളതുമായ പ്രവർത്തനങ്ങൾ വിശദമാക്കുമോ ? | (സി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ വിവിധ ഡിവിഷനുകളിലായി ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം I

## STATE COUNCIL MEMBERS

| | | |
|---|---|---|
| Chief Minister | : | President |
| Minister for Industries | : | Vice President |
| Minister for Finance | : | Vice President |
| Minister for Agriculture | : | Vice President |
| Minister for Health | : | Vice President |
| Minister for Education | : | Vice President |
| Minister for Forests | : | Vice President |
| Minister for Water Resources | : | Vice President |
| Vice Chairman, Kerala State Planning Board | : | Vice President |
| Chief Secretary to Government of Kerala | : | Vice President |
| Executive Vice President, KSCSTE | : | Executive Vice President |
| Secretary Department of Science and Technology, Govt. of India | : | Member |
| Secretary to Government, Planning & Economic Affairs Dept | : | Member |
| Additional Chief Secretary to Government, Finance Dept. | : | Member |
| Vice Chancellor, CUSAT | : | Member |
| Vice Chancellor, Kerala Agricultural University | : | Member |
| Director, VSSC, Thiruvanthapuram | : | Member |
| Director, NIIST (Formerly RRL-T), Thiruvanthapuram | : | Member |
| Director, SCTIMST, Thiruvananthapuram | : | Member |
| Member Secretary, KSCSTE | : | Member |
| Prof. M. Radhakrishna Pillai ,Director, Rajiv Gandhi Centre for Biotechnology, Thiruvananthapuram | : | Member |
| Dr. E. J. Jemmis, Director, Indian Institute of Science Education and Research, Thiruvananthapuram | : | Member |
| Prof. Paul Sebastian, Director, Regional Cancer Centre, Thiruvananthapuram | : | Member |

| | | |
|---|---|---|
| Prof. J. Srinivasan, Chairman,<br>Divecha Centre for Climate Change,<br>Indian Institute of Science, Bangalore. | : | Member |
| Dr.G.C. Gopala Pillai, Chairman,<br>Kerala State Electronics Limited<br>Keltron House, Vellayambalam<br>Tvpm – 33. | : | Member |
| Executive Director, CWRDM | : | Member |
| Director, CESS | : | Member |

## EXECUTIVE COMMITTEE MEMBERS

| | | |
|---|---|---|
| Executive Vice President, KSCSTE | : | Chairman |
| Secretary, Department of Science and Technology,Government of India, or his Nominee | : | Member |
| Secretary, Planning & Economic Affairs Dept.,Government of Kerala | : | Member |
| Additional Chief Secretary to Government, Finance Dept.,Government of Kerala | : | Member |
| Prof. M. Radhakrishna Pillai | : | Member |
| Dr. E. J Jemmis | : | Member |
| Prof. Paul Sebastian | : | Member |
| Prof. J. Srinivasan | : | Member |
| Dr. G. C. Gopala Pillai | : | Member |
| Executive Director, CWRDM | : | Member |
| Director, CESS | : | Member |
| Member Secretary, KSCSTE | : | Member |

**അനുബന്ധം-2**

# I സയൻസ് & ടെക്നോളജി പ്രൊമോഷൻ ഡിവിഷൻ

## 1. സയൻസ് റിസർച്ച് സ്കീം

കൗൺസിൽ നടപ്പാക്കുന്ന പദ്ധതികളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന പദ്ധതിയാണ് സയൻസ് റിസർച്ച് സ്കീം. ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തികവും വ്യാവസായികവുമായ ഉന്നമനത്തിനു വേണ്ടിയുള്ള ഗവേഷണ പദ്ധതികളുടെ സാമ്പത്തിക സഹായമാണ്. ശാസ്ത്രജ്ഞർ, അദ്ധ്യാപകർ മുതലായ ഗവേഷകർക്ക് വ്യക്തമായ ഗവേഷണ പ്രോജക്ടുകൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടി വ്യക്തമായ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് ഈ സ്കീം നടപ്പിലാക്കിവരുന്നത്.

## 2. എമിററ്റസ് സയന്റിസ്റ്റ് സകീം

ജോലിയിൽ നിന്നും വിരമിച്ച പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാർക്ക് തുടർന്നും ഗവേഷണ നടത്തുവാനും തന്റെ കഴിവുകളെ പുതിയ തലമുറയിലേക്ക് പകർന്നുകൊടക്കുവാനും ഉതകുന്ന ഒരു പ്രത്യേക സ്കീമാണിത്.

## 3. സ്റ്റുഡന്റ് പ്രോജക്റ്റ് സ്കീം

ശാസ്ത്ര വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും പഠന വിഷയങ്ങളുടെ ഭാഗമായുള്ള പ്രോജക്റ്റുകൾ ചെയ്യുന്നതിലേക്കായി കൗൺസിൽ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

## 4. സ്കീം ഫോർ പ്രൊമോട്ടിങ്ങ് യങ്ങ് ടാലന്റ്സ് ഇൻ സയൻസ്

ഹൈസ്കൂൾ, കോളേജ് തലങ്ങളിൽ വിദ്യാർത്ഥികളിൽ സയൻസ് പഠനം പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്ര ഗവേഷണ പരിചയം വളർത്തുന്നതിനും സഹായിക്കുന്ന പദ്ധതിയാണിത്.

## 5. ശാസ്ത്രപോഷിണി

സ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വളർത്തുവാൻ സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടപ്പിലാക്കിയ പദ്ധതിയാണ് ശാസ്ത്ര പോഷിണി. ഈ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ അധ്യയന വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 12 സർക്കാർ ഹൈസ്കൂളുകളിൽ ഊർജ്ജ തന്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നീ വിഷയങ്ങളിൽ മാതൃകാ പരീക്ഷണശാലകൾ സ്ഥാപിച്ചു. ഈ അധ്യയന വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 15 സർക്കാർ ഹൈസ്കൂളുകളിൽ ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ നടപ്പിലാക്കിവരുകയാണ്.

## 6. പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്

ഡോക്ടറൽ ഡിഗ്രി കഴിഞ്ഞവർക്കും, Ph.D തീസിസ് സർകലാശാലകളിൽ സമർപ്പിച്ചവർക്കും, തുടർ ഗവേഷണം നടത്തുന്നതിന് സാമ്പത്തിക സഹായം നൽകിവരുന്ന പദ്ധതിയാണിത്.

## II. കോസ്റ്റൽ & എൻവയോൺമെന്റ് ഡിവിഷൻ

ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കോസ്റ്റൽ ആന്റ് എൻവയോൺമെന്റ് ഡിവിഷനിൽ നിന്നും നിലവിലുള്ള പദ്ധതികളായ പരിസ്ഥിതി ഗവേഷണത്തിനുള്ള പദ്ധതികൾക്ക് ധനസഹായം നൽകൽ, പരിസ്ഥിതി നിരീക്ഷണ പദ്ധതി, ദേശീയ ഹരിതസേന, പരിസ്ഥിതി വിജ്ഞാന കേന്ദ്രം എന്നിവ കൂടാതെ സർക്കാൻ എയ്ഡഡ് സ്കൂളുകളിൽ എക്കോ ക്ലബ്ബുകൾ ആരംഭിക്കുക, പരിസ്ഥിതി പരിപാലനവുമായി ബന്ധപ്പെട്ട ട്രെയിനിംഗുകൾ നടത്തുക കൂടാതെ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള പഠനങ്ങളും ആരംഭിച്ചു വരുന്നു. കൂടാതെ Wetland Technical Unit-ൽ നിന്നും തണ്ണീർതട പരിപാലന പദ്ധതികൾ ഉണ്ടാക്കാനുള്ള നടപടികൾക്കും തുടക്കംകുറിച്ചു.

## III. കേരള ബയോടെക്നോളജി കൗൺസിൽ

കേരള ബയോ ടെക്നോളജി കൗൺസിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ വിശദമാക്കുന്നു.

1. യങ് ഇൻവസ്റ്റിഗേറ്റേർസ് പ്രോഗ്രാം ഇൻ ബയോടെക്നോളജി (വൈ.ഐ.പി.ബി).
2. ഇൻഡസ്ട്രി ലിംങ്ക്ട് ബയോടെക്നോളജി റിസർച്ച് സ്കീം (ഐ.ബി.ആർ.എസ്സ്).
3. ബയോടെക്നോളജി ഇന്നോവേഷൻസ് ഇൻ റൂറൽ ഡവലപ്പ്മെന്റ് (ബി.ഐ.ആർ.ഡി).
4. ബയോടെക്നോളജി ട്രെയിനിംഗ് ആന്റ് വർക്ക്ഷോപ്പ് (ബി.ടി.ഡബ്ല്യു).
5. പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് (പി.ഡി.എഫ്).

മുകളിൽ പറഞ്ഞ പദ്ധതികൾ തുടർ പദ്ധതികളാണ്.

മാർച്ച് 18-19, 2013-ൽ ട്രാൻസലേഷണൽ ഹെൽത്ത് സയൻസിൽ ദേശീയ കൊളീക്വം, ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസുമായി ചേർന്ന് തിരുവനന്തപുരത്ത് വച്ച് നടത്തി.

## IV. ബേസിക് സയൻസസ് ഡിവിഷൻ

2012 ജനുവരി 13-ന് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസ് എന്ന സ്ഥാപനത്തെകുറിച്ച് പ്രഖ്യാപനം നടത്തി. നാഷണൽ ബോർഡ് ഓഫ് ഹയർ മാത്തമറ്റിക്സിന്റെയും മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോർസ് ഡെവലപ്പമെന്റിന്റെയും ആലോചനയുടെ ചുവട് പിടിച്ചായിരുന്നു ഇത്. കൗൺസിലിന്റെ 29-മത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ പ്രസ്തുത സ്ഥാപനം തുടങ്ങാനായി തീരുമാനം എടുത്തു (അജണ്ട നമ്പർ.28.09). സയൻസ് വിദ്യാർത്ഥികളുടെ കഴിവ് വികസിപ്പിക്കാനും ശാസ്ത്ര വിഷയങ്ങളിലെ

പുത്തൻ പ്രവണതകൾ അവർക്ക് പരിചയപ്പെടുത്തി കൊടുക്കാനും ഉദ്ദേശിച്ചുള്ളതാണീ സ്ഥാപനം. ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർബേസിക് സയൻസ് 2013 ഫെബ്രുവരി 7-ന് ബഹു: കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഔപചാരികമായി ഉദ്ഘാടനം ചെയ്തു. താഴെ പറയുന്ന പ്രവർത്തനങ്ങൾ ഇതുവരെ സ്ഥാപനം നടത്തുകയുണ്ടായി.

ഫെബ്രുവരി 7-9 ക്രിസ്റ്റലോഗ്രാഫിയിൽ അന്തർദേശീയ കൊളീക്വം – തിരുവനന്തപുരത്ത് വച്ച് നടത്തി.

മാർച്ച് 7-9 എഞ്ചിനീയറിംഗ് ഗവേഷണത്തിലെ പുതിയ മേഖലകൾ, ദേശീയ കോളീക്വം കോട്ടയം ആർ.ഐ.റ്റി. പാമ്പാടിയിൽ വച്ച് നടത്തി.

മാർച്ച് 18-19, 2013 ട്രാൻസ്ലേഷണൽ ഹെൽത്ത് സയൻസിൽ ദേശീയ കൊളീക്വം – കേരള ബയോടെക്നോളജി കമ്മീഷനുമായി ചേർന്ന് തിരുവനന്തപുരത്ത് വച്ച് നടത്തി.

## V. വനിതാ ശാസ്ത്ര വിഭാഗം

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ വനിതാ ശാസ്ത്ര വിഭാഗം, പൊതുജനങ്ങൾക്ക് വിശിഷ്യാ ശാസ്ത്ര സാങ്കേതിക രംഗത്ത് പ്രവർത്തിക്കുന്ന വനിതകൾക്ക് വേണ്ടി നടത്തിവരുന്ന സേവനങ്ങൾ താഴെ പറയുന്നവയാണ്.

### 1. ബാക്-ടു-ലാബ് പദ്ധതി ( Back to Lab Programme)

ഗവേഷണ ബിരുദധാരികളും, തൊഴിൽ രഹിതരും കുടുംബപരമായ കാരണങ്ങളാൽ ശാസ്ത്ര ഗവേഷണരംഗത്ത് നിന്നും വിട്ടുനിൽക്കേണ്ടി വരുന്നവരുമായ വനിതകളെ ശാസ്ത്ര ഗവേഷണ രംഗത്തേക്ക് മടക്കിക്കൊണ്ടുവരിക എന്ന ഉദ്ദേശത്തോടു കൂടി നടപ്പാക്കുന്ന ഗവേഷണ പോസ്റ്റ് ഡോക്ടറൽ പദ്ധതിയാണ് 'ബാക്-ടു-ലാബ്'.

### 2. ഏകദിന ബോധവത്കരണ പരിപാടി (One day Awareness Programme on Technological Advances in Transforming Women's lives)

സ്ത്രീകളുടെ ജീവതിനിലവാരം മെച്ചപ്പെടുത്തുന്നതിൽ ശാസ്ത്ര സാങ്കേതിക മുന്നേറ്റങ്ങൾക്കുള്ള വിഷയത്തിൽ ഏകദിന ബോധവത്കരണ പരിപാടി നടത്തുവാൻ സാമ്പത്തിക സഹായം നൽകുന്നു.

### 3. കേരളത്തിലെ വനിതാ ശാസ്ത്രജ്ഞരുടെ വിവരശേഖരണം (Database on Women's Scientists in Kerala)

കേരളത്തിൽ ശാസ്ത്ര രംഗത്ത് പ്രവർത്തിക്കുന്ന വനിതകളുടെ 'ഡാറ്റാ-ബേസ്' ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ തയ്യാറാക്കി വരുന്നു. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ വനിതകളുടെ പ്രാതിനിധ്യ നിലവാരം മനസിലാക്കുന്നതിനും ഭാവിയിൽ വനിതാ ശാസ്ത്രജ്ഞരുടെ ഉന്നമനത്തിനുള്ള പദ്ധതികളും മാർഗ

നിർദ്ദേശങ്ങളും ആവിഷ്കരിക്കുന്നതിനും ഈ ഡേറ്റാബേസ് ഉപകരിക്കും. ഇതിനുള്ള രജിസ്ട്രേഷൻ www.keralawomenscientist.com എന്ന വെബ്സൈറ്റ് വഴി നടത്താവുന്നതാണ്.

4. വിസോർട്ട് (VSORT)- Vocational Skill oriented Reinstate Training

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരും പ്രത്യേക സാഹചര്യങ്ങളാൽ ഒറ്റപ്പെട്ടുപോയവരുമായ സ്ത്രീകൾക്കുവേണ്ടി ശാസ്ത്ര സാങ്കേതിക മേഖലയിൽ തൊഴിലധിഷ്ഠിത പരിശീലനം നൽകുക വഴി അവരുടെ പുനരധിവാസ- -ത്തിന് വഴിയൊരുക്കുന്ന പദ്ധതിയാണ് 'വിസോർട്ട്'. ഇത്തരം തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനുവേണ്ടിയുള്ള വൈദക്ത്യ സേവനം ലഭ്യമാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നുണ്ട്.

5. സ്റ്റാഴ്സ് പദ്ധതി (കുട്ടികൾക്ക് വേണ്ടി) - STARS Students with Talent and Aptitude for Research in Science

ഇതിൽ രണ്ട് സ്കീമുകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

a) സ്പീഡ് ( SPEED –Student programme program for Excellence in Experiential Design)

പരീക്ഷണശാലകളുമായി കുട്ടികളെ ബന്ധിപ്പിക്കുന്ന ഒരാഴ്ചത്തെ പരിശീലന പരിപാടിയാണ് സ്പീഡ്.

b) പ്രതിഭാ സ്കോളർഷിപ്പ് (Pratibha Scholarship)

ഹയർ സെക്കന്ററി പരീക്ഷയിൽ ഉന്നത നിലവാരത്തിൽ വിജയിച്ചവരും ബിരുദ തലത്തിൽ അടിസ്ഥാന ശാസ്ത്ര വിഷയങ്ങൾ തെരഞ്ഞെടുത്തതുമായ നൂറ് വിദ്യാർത്ഥികൾക്ക് പ്രതിമാസം ആയിരം രൂപ മൂന്ന് വർഷത്തേക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്.

മുകളിൽ വിവരിച്ച പദ്ധതികൾക്ക് പുറമേ കേരളത്തിലെ വനിതാ ശാസ്ത്രജ്ഞരുടെ വിവര ശേഖരണ ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള ശില്പശാല, അന്താരാഷ്ട്ര വനിതാ ദിനാഘോഷത്തിന്റെ ഭാഗമായി പ്രഗത്ഭരായ വനിതാ ശാസ്ത്രജ്ഞരും വിദ്യാർത്ഥിനികളുമായുള്ള സമ്പർക്ക പരിപാടികളും വനിതാ ശാസ്ത്ര ഡിവിഷൻ നടത്തിവരുന്നു.

## VI. ടെക്നോളജി ഡവലപ്പ്മെന്റ് ആന്റ് പ്രോജക്ട് മാനേജ്മെന്റ് ഡിവിഷൻ

ഈ സർക്കാരിന്റെ കാലയളവിൽ ടെക്നോളജി ഡവലപ്പ്മെന്റ് ആന്റ് പ്രോജക്ട് മാനേജ്മെന്റ് ഡിവിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപറയുന്നവയാണ്.

1. ശാസ്ത്ര ഗവേഷണ പ്രോജക്ടുകൾ.

2. ഗവേഷണ വികസന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള സാർഡ് (SARD) പദ്ധതി.
3. വിദ്യാർത്ഥികളുടെ പ്രോജക്ടുകൾക്ക് വേണ്ട ധനസഹായം.
4. ശാസ്ത്ര ഗവേഷണ ഫെല്ലോഷിപ്പ്.
5. ശാസ്ത്ര ഗവേഷണ പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്.
6. സ്കൂൾ തലത്തിൽ ശാസ്ത്രപഠനം പ്രോത്സാഹിപ്പിക്കുന്ന ശാസ്ത്ര പോഷിണി പരിപാടി.
7. കേരള ശാസ്ത്ര കോൺഗ്രസിന്റെ നടത്തിപ്പ്.
8. എഞ്ചിനീയറിംഗ് സാങ്കേതികവിദ്യ ഇവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്ക് പ്രോത്സാഹനം.
9. താഴെതട്ടിലുള്ള കണ്ടുപിടിത്തങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഗ്രാമീണ സാങ്കേതികവിദ്യാ വികസന പദ്ധതി.
10. പേറ്റന്റ് ഇൻഫർമേഷൻ സെന്റർ.
11. ശാസ്ത്ര പ്രചാരണ പദ്ധതികൾ.
12. സ്കീം ഫോർ പ്രാമോഷൻ ഓഫ് യങ് ടാലൻസ് ഇൻ സയൻസ്.
13. സെമിനാർ, സിംപോസിയം, ശില്പശാല എന്നിവ നടത്താനുള്ള ധനസഹായം
14. ശാസ്ത്ര സാഹിത്യ അവാർഡ്.
15. ദേശീയ ശാസ്ത്ര - സാങ്കേതിക ദിനാചരണം, ലോക പരിസ്ഥിതി ദിനം, ഓസോൺ ദിനം എന്നിവയുമായി ബന്ധപ്പെട്ട പരിപാടികൾ.
16. പരിസ്ഥിതി സംബന്ധമായ ഗവേഷണ പദ്ധതികൾ.
17. പരിസ്ഥിതി പഠനം.
18. വായു, വെള്ളം, മണ്ണ് എന്നിവയുടെ എൺവയോൺമെന്റൽ മോണിറ്ററിംഗ് പദ്ധതി.
19. ഹരിത സാങ്കേതികവിദ്യയ്ക്ക് വേണ്ട സഹായങ്ങൾ.
20. ജൈവസാങ്കേതിക വിദ്യയിലെ ആധുനിക ഗവേഷണം.
21. സാങ്കേതികവിദ്യാ വികസനത്തിനുള്ള നൂതന പദ്ധതി (TDAP).
22. എമിരിറ്റസ് സയൻസ് സ്കീം.
23. ശാസ്ത്ര പുരസ്കാരം.
24. ടെക്ഫെസ്റ്റ്.
25. റൂറൽ ഇന്നവേറ്റേഴ്സ് മീറ്റ് (RIM -2013).